# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/425/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 18/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി8/425/22 തീയ്യതി: 18/03/2022

## കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 04-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-03-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്യാരിലാൽ.ടി.സി | ജോയിന്റ് ഡയറക്ടർ | 05-03-2022 | 11-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-03-2022 | 11-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.ഇ.വി ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ ആർ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ് എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾനസീർ ടി.പിസീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ലത ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രാധാമണി ടീച്ചർ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. പി.എം. അബ്ദുൽ ഖാദിർ | സെക്രട്ടറി | 01-04-2019 | 11-11-2019 |
| ശ്രീ ബിജിൻ പി ജേക്കബ് | സെക്രട്ടറി | 12-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ചിത്ര വാസു | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. അശ്വിൻ ശുഭൻ | അസി.എഞ്ചിനീയർ | 01-04-2019 | 12-02-2020 |
| ശ്രീ അഷറഫ് കല്ലടയിൽ | അസി.എഞ്ചിനീയർ | 13-02-2020 | 31-03-2020 |
| ശ്രീ ഷൈലേഷ് ഐ.പി | എസ്.സി ഡെവലപ്മെന്റ് ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ കേശവനുണ്ണി | മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 01-04-2019 | 31-03-2020 |
| ഡോ കെ കെ അബ്ദുറഹ്മാൻ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീ.നിഷ പി.ടി. | എ.ഡി.എ. കൊടുവള്ളി | 01-04-2019 | 16-12-2019 |
| ശ്രീ. ഫൈസൽ കെ | എ.ഡി.എ. കൊടുവള്ളി | 17-12-2019 | 31-03-2020 |
| ശ്രീ.ശരത് പി.ഡി. | ഇൻസ്ട്രിയൽ എകസ്റ്റൻഷൻ ഓഫീസർ | 01-04-2019 | 07-07-2019 |
| ശ്രീ മിഥുൻ ആനന്ദ് | ഇൻസ്ട്രിയൽ എകസ്റ്റൻഷൻ ഓഫീസർ | 08-07-2019 | 31-03-2020 |
| ശ്രീമതി.സുബൈദ എ.പി. | സി.ഡി.പി.ഒ. | 01-04-2019 | 15-07-2019 |
| ശ്രീമതി. ടി.ഗീത | സി.ഡി.പി.ഒ. | 16-07-2019 | 31-03-2020 |
| ശ്രീമതി പൗളി ജോസഫ് | സി.ഡി.പി.ഒ. | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.ഷമീർ എ. | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. റജിമോൾ ജോർജ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം )<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-5 |
| 7 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: T.K.Latha (Senior Grade Auditor, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-6 |
| 8 | പരസ്യ ചാർജിൽ അർഹമായ ഇളവ് ഉപയോഗപ്പെടുത്തുന്നില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-7 |
| 9 | ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല.<br>Written By: Sreeja Thekkan (Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-8 |
| 10 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 12-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-9 |
| 11 | പൊതുമരാമത്ത് പ്രവർത്തികൾ - പദ്ധതി വിനിയോഗത്തിലെ അപാകത സംബന്ധിച്ച്<br>Written By: Disha R.K (Asst. Audit Officer, On 11-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-10 |
| 12 | പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം<br>Written By: Disha R.K (Asst. Audit Officer, On 11-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-11 |
| 13 | താലൂക്ക് ആശുപത്രിയിൽ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സിസ്റ്റം - രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല<br>Written By: T.K.Latha (Senior Grade Auditor, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 1-12 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 14-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 3-1 |

| | | |
|---|---|---|
| 2 | പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം<br>Written By: Disha R.K (Asst. Audit Officer, On 14-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 09-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 17-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: T.K.Latha (Senior Grade Auditor, On 05-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 4-8 |
| 9 | ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: Sreeja Thekkan (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: E.V Hari (Audit Officer, On 13-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Latha (Senior Grade Auditor, On 05-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.3.2019 – ലെ പതിനെട്ടാം നമ്പർ തീരുമാന പ്രകാരവും ഭരണ സമിതിയുടെ 27.3.2019 – ലെ 1 -ാം നമ്പർ തീരുമാന പ്രകാരവും ഓഡിറ്റ് വർഷത്തെ ബജറ്റ് അംഗീകരിച്ചു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214 നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത നടപടിക്രമങ്ങൾ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട് പുതുക്കിയ ബജറ്റിനുള്ള ശുപാർശകളും ബജറ്റ് വർഷത്തേക്കുള്ള ശുപാർശകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ, റവന്യൂ വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാനായിട്ടില്ല. നിയമ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ബജറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 10.06.2020 |

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. കെട്ടിട വാടക വരവിന്റെ കാര്യത്തിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 11 A - ൽ ഉൾപ്പെട്ട ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഇനത്തിന്റെ വിശദ വിവരം ലഭ്യമല്ല.

5. അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് ബാധകമായ ടെണ്ടർ ഫോറം വില ( ഇ – ടെണ്ടർ ഫീ ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. ബ്ലോക്ക് പഞ്ചായത്ത്, കാരശ്ശേരി സർവീസ് സഹകരണ ബാങ്കിന്റെ താമരശ്ശേരി ശാഖയിൽ നിന്നും 2013-14 വർഷം ഐ. എ. വൈ. ഭവന പദ്ധതിക്കായി എടുത്ത വായ്പയിൽ 5.8.2020 ന് 1,46,80,102/- രൂപ തിരിച്ചടക്കാൻ അവശേഷിക്കുന്നു. 2013-14 മുതലുള്ള ഈ വായ്പ സംബന്ധിച്ചുള്ള ഒരു വിവരവും ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7. വികസന ഫണ്ട് - ജനറൽ, മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് എന്നീ ഗ്രാന്റ് വരവുകളുടെ

കാര്യത്തിൽ വാർഷിക കണക്കിലെ തുകയും സാംഖ്യ എ. സി. ആറിലെ തുകയും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം | സാംഖ്യ എ. സി. ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട് - ജനറൽ | 47273659 | 47874515 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 7180294 | 7794872 |

8. RP 4 - Fees And User Charges ഷെഡ്യൂൾ പ്രകാരമുള്ള Receipts On Account Of Cost Of Services Rendered എന്ന ഇനത്തിൽ കാണിച്ചിട്ടുള്ള 12,20,483/- രൂപ വരവിന്റെ വിശദ വിവരം ലഭ്യമല്ല.

9. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി. 9 പ്രകാരമുള്ള Interest Accrued And Due - Others - 50,999 രൂപ - എന്ന ഇനത്തിന്റെ വിശദ വിവരം ലഭ്യമല്ല.

10. ഡെപ്പോസിറ്റ്, അഡ്വാൻസ്, ലോൺ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28602232 |
| വരവ് | 68917821 |
| ആകെ | 97520053 |
| ചെലവ് | 67137377 |
| നീക്കിയിരിപ്പ് | 30382676 |

## 1-4 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | - | 84718000 | 84718000 | 47874515 | 36843485 |
| വികസന ഫണ്ട് - എസ്.സി.പി. | - | 19728000 | 19728000 | 4323105 | 15404895 |
| വികസന ഫണ്ട് - ടി.എസ്.പി. | - | 2748000 | 2748000 | 823594 | 1924406 |
| സംരക്ഷണ ഗ്രാന്റ് - | - | 10709000 | 10709000 | 7794872 | 2914128 |

| | | | | | |
|---|---|---|---|---|---|
| നോൺ റോഡ് | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2528333 | 4493000 | 7021333 | 2413540 | 4607793 |

കുറിപ്പ് - വികസന ഫണ്ട് - ജനറൽ, മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് എന്നീ ഗ്രാന്റ് വരവുകളുടെ കാര്യത്തിൽ വാർഷിക കണക്കിലെ തുകയും സാംഖ്യ എ. സി. ആറിലെ തുകയും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ ഗ്രാന്റ് വരവുകളുടെ കാര്യത്തിൽ സാംഖ്യ എ. സി. ആർ പ്രകാരമുള്ള തുകയാണ് മേൽ പട്ടികയിൽ കൊടുത്തിരിക്കുന്നത്. വിശദ വിവരം വാർഷിക കണക്ക് അപാകതകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിന് അനുവദിക്കപ്പെട്ട താഴെപ്പറയുന്ന ഗ്രാന്റുകൾ വിനിയോഗിക്കാതിരുന്നതിനാൽ ലാപ്സായിട്ടുണ്ട്.

| ഫണ്ടിനം | വരവ് തുക | ചെലവ് തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 84718000 | 47874515 | 36843485 |
| വികസന ഫണ്ട് -എസ്.സി.പി. | 19728000 | 4323105 | 15404895 |
| വികസന ഫണ്ട് - ടി.എസ്.പി. | 2748000 | 823594 | 1924406 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 10709000 | 7794872 | 2914128 |
| ആകെ | 117903000 | 60816086 | 57086914 |

ഇത്തരത്തിൽ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ | നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്റ്റുകൾ |
|---|---|---|---|
| 179 | 57 | 35 | 87 |

വിവിധ പ്രൊജക്റ്റുകൾക്കായി 15,60,86,932 രൂപ വകയിരുത്തിയതിൽ കേവലം 5,96,00,652 രൂപ മാത്രമെ പ്രൊജക്റ്റുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്റ്റുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട് / C. F. C ഗ്രാന്റ് / മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വൻ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വരവ് തുക | ചെലവ് തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 84718000 | 47874515 | 36843485 |
| വികസന ഫണ്ട് - എസ്.സി.പി. | 19728000 | 4323105 | 15404895 |
| വികസന ഫണ്ട് - ടി.എസ്.പി. | 2748000 | 823594 | 1924406 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 10709000 | 7794872 | 2914128 |
| ആകെ | 117903000 | 60816086 | 57086914 |

യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച്, വികസന ഫണ്ട് / C. F. C ഗ്രാന്റ് / മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് എന്നീ ഇനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമായ മുഴുവൻ തുകയും പൂർണ്ണമായി വിനിയോഗിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 പരസ്യ ചാർജിൽ അർഹമായ ഇളവ് ഉപയോഗപ്പെടുത്തുന്നില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് വൗച്ചർ പരിശോധിച്ചതിൽ പത്രപരസ്യ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിനു ലഭിക്കേണ്ടിയിരുന്ന 15% ഇളവ് പ്രയോജനപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. സർക്കാർ ഉത്തരവ് നമ്പർ 17/(പി) ഐ &പി. ആർ ഡി/ തിയ്യതി 8/12/15 പ്രകാരം ഗവർമെന്റ് സ്ഥാപനങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ വിവിധ കാലയളവിലായി ചന്ദ്രിക, വീക്ഷണം എന്നീ ദിനപത്രങ്ങളിൽ നൽകിയ ടെൻഡർ പരസ്യത്തിൻമേൽ മേൽ ഉത്തരവ് പ്രകാരമുള്ള ഇളവ് ലഭ്യമാക്കാതെയാണ് തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ & തിയ്യതി | തുക | ഡിസ്കൗണ്ട് നിരക്കിലുള്ള തുക | പത്രത്തിന്റെ പേര് |
|---|---|---|---|
| 34030dt.22/03/2018 | 2730 | 410 | വീക്ഷണം |
| 34872 Dt. 21/04/2018 | 3276 | 410 | വീക്ഷണം |
| 40664 Dt. 28/01/2019 | 3276 | 491 | വീക്ഷണം |

| | | | |
|---|---|---|---|
| 1573 Dt. 14/10/2017 | 3780 | 567 | ചന്ദ്രിക |
| 119 Dt. 18/04/2018 | 3570 | 536 | ചന്ദ്രിക |
| 553 Dt.12/06/20183 | 3570 | 536 | ചന്ദ്രിക |
| ആകെ | 19,656 | 2,949 | |

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പത്രപരസ്യ ഇനത്തിൽ സർക്കാർ ഉത്തരവ് പ്രകാരം ലഭിക്കേണ്ടതായ ഇളവ് ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-8 ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയതിന്റെ വിനിയോഗവിവരം ലഭ്യമല്ല.

2019-20 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ബിൽ നമ്പർ, തിയതി/തുക | ഫണ്ടിനം | റിമാർക്സ് |
|---|---|---|---|---|
| 1. | 121/20 അതിരിക്കാട് കുടിവെള്ള പദ്ധതി ഓമശ്ശേരി | 43/13-8-19 500000 | വികസന ഫണ്ട് (പൊതുവിഭാഗം) | ഓമശ്ശേരി പഞ്ചായത്തിന് തുക കൈമാറി. |
| 2. | 200/20 ഈങ്ങാപ്പുഴ വനിതാ കാർഷിക വിപണന കേന്ദ്രം നിർമ്മാണം | 25/19-10-19 800000 | വികസന ഫണ്ട് (പൊതു വിഭാഗം) | എ2-2825/21 നംപർ കത്ത് പ്രകാരം പുതുപ്പാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 790642 രൂപ ചെലവഴിച്ചതായി അറിയിച്ചു. 9358 രൂപ തിരികെ ഈടാക്കി വികസന ഫണ്ടിലേക്കടയ്ക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. |
| 3. | 109/20 ബഡ്സ് സ്കൂൾ വിപുലീകരണം, പുതുപ്പാടി | 26/19-10-19 600000 | വികസന ഫണ്ട് (പൊതു വിഭാഗം) | പുതുപ്പാടി ഗ്രാമ പഞ്ചായത്തിന് തുക കൈമാറി |
| 4. | 184/20 മുറമ്പാത്തി ജി.എൽപി.എസ്. | 13/20-8-19 500000 | വികസന ഫണ്ട് (പൊതു വിഭാഗം) | 28-10-2020ലെ എ4-3282/20 കത്ത് പ്രകാരം കോടഞ്ചേരി |

| | | | | |
|---|---|---|---|---|
| | അടിസ്ഥാന സൗകര്യ വികസനം | | | സെക്രട്ടറി പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. |

ഗ്രാമപഞ്ചായത്തുകളുടെ TSB അക്കൗണ്ടുകളിലേക്ക് കൈമാറിയ വിഹിതത്തിന്റെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/19-20 തീയ്യതി 10-3-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയും തിരികെ ലഭിക്കാനുള്ള തുക ഈടാക്കി വികസന ഫണ്ടിലടച്ചും പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-9 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല

കൊടുവള്ളി ബ്ളോക്കിൽ 2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി. | ടി. എസ്. പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാലയളവ്, ഈടാക്കേണ്ട പിഴ,പി.എ.സി തുകയുടെ ശതമാനത്തിൽ | | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 186/19-20 (S.o) കവുങ്ങുള്ളകുന്ന് പട്ടികജാതി സമഗ്ര വികസനം | 962165 വി. ഫണ്ട് എസ്സ്.സി.പി ബിൽ നം. 27/.9.19 | അഹമ്മദ്കുട്ടി. കെ. പി AE/LSGD /73/18-19 Dtd. 6.3.19 | 4 മാസം 6.3.19 | 25.9.19 M B0ok. 168/18-19 | 10,00,000 | പി.എ. സി തുക 10,00,000 രൂപയുടെ 3% | 30,000 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ. ഇ മുഖേന അപേക്ഷിച്ചിട്ടില്ല. അപാകതയ്ക്ക്

വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 30,000/- രൂപ പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-10 പൊതുമരാമത്ത് പ്രവർത്തികൾ - പദ്ധതി വിനിയോഗത്തിലെ അപാകത സംബന്ധിച്ച്

2019-20 വർഷം ഡി.പി.സി അംഗീകാരം വാങ്ങിയ 115 മരാമത്ത് പ്രോജക്ടുകളിൽ 80 എണ്ണം പുതിയ പ്രോജക്ടുകളും 35 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. എ. എക്സ്. ഇ, അസിസ്റ്റന്റ് എഞ്ചിനീയർ, എന്നിവർ നിർവ്വഹണോദ്യഗസ്ഥരായുള്ള 80 പുതിയ പ്രോജക്ടുകളിൽ 61 എണ്ണത്തിനും 35 സ്പിൽ ഓവർ പ്രോജക്ടുകളിൽ 7 പ്രവൃത്തികൾക്കും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. ആകെയുള്ള മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ അടങ്കൽ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 49594432 | 14164777 | 35429655 | 28.56 |
| വികസന ഫണ്ട് - എസ്.സി.പി | 14641591 | 1475759 | 13165832 | 10 |
| ടി.എസ്സ്.പി | 2460416 | 709594 | 1750822 | 28.8 |
| തനത് ഫണ്ട് | 16702 | --- | 16702 | ---- |
| മറ്റ് ഗ്രാമപഞ്ചായത്ത് | 1000000 | 0 | 1000000 | ----- |
| സംരക്ഷണഗ്രാന്റ് - റോഡിതരം | 5355384 | 2491827 | 2863557 | 46.52 |
| ആകെ | 73068525 | 18841957 | 54226568 | |

മേൽ പട്ടിക പ്രകാരം ചെലവഴിക്കാത്ത ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ചുവടെ ചേർക്കുന്ന വിധം വിവിധ ഫണ്ടിനത്തിലുള്ള തുകകൾ ബ്ളോക്ക് പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്.

| | |
|---|---|
| വികസന ഫണ്ട് - ജനറൽ | 35429655 |
| വികസന ഫണ്ട് - എസ്.സി.പി | 13165832 |
| ടി.എസ്സ്.പി | 1750822 |
| തനത് ഫണ്ട് | 16702 |
| മറ്റ് ഗ്രാമപഞ്ചായത്ത് | 1000000 |

| | |
|---|---|
| സംരക്ഷണഗ്രാന്റ് - റോഡിതരം | 2863557 |
| ആകെ | 54226568 |

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ (യോഗ തീയതി - 6.6.19, 21.6.19, 11.7.19, 26.7.19, 30.8.19, 17.10.19, 18.11.19, 20.12.19, 7.1.20, 22.2.20, 4.3.20 ) പദ്ധതി പ്രവൃത്തികളുടെ അവലോകനം നടത്തുന്നുണ്ടെങ്കിലും ആയത് ഫലപ്രദമായി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-11 പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നമ്പർ | 176/19-20 |
| പ്രോജക്ട് | ആര്യൻകുളം കോളിക്കൽ - കോളിക്കൽ കുന്ന് മണ്ണ് ജലസംരക്ഷണം (So) |
| ഫണ്ട് | വി. ഫണ്ട് |
| ബിൽ നമ്പർ, തിയ്യതി ,തുക | 14 / 17.7.2019 / 9,61,853 രൂപ |
| സെലക്ഷൻ നോട്ടീസ് തിയ്യതി | 25.1.2019 |
| കരാറുകാരൻ | കെ. പി. അഹമ്മദ് കുട്ടി |
| കരാർ നമ്പർ ,തിയ്യതി | എ.ഇ/74/18-19 തിയ്യതി 6.3.2019 |
| പി.എ.സി തുക | 9,61,853 രൂപ |
| ഈടാക്കേണ്ട പിഴ | 9,618 രൂപ |

(കരാറുകാരൻ ഒപ്പിട്ട് കൈപ്പറ്റിയതായി സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് തിയ്യതി രേഖപ്പെടുത്തിയിട്ടില്ല). 2012 – ലെ പുതുക്കിയ കേരള സ്റ്റേറ്റ് പി.ഡബ്ള്യൂ.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് പോസ്റ്റൽ ആയി അയക്കുമ്പോൾ, രജിസ്റ്റർ ചെയ്ത തിയ്യതി പോലും കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. ഇവിടെ സെലക്ഷൻ നോട്ടീസ് തിയ്യതിക്ക് ഒരാഴ്ചക്ക ശേഷം പോസ്റ്റൽ ആയി അയച്ചാൽ പോലും കരാർ ഒപ്പിടുന്നതിൽ കാലതാമസം വന്നതായി കാണാം. നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമക്കേണ്ടതുണ്ട്. കരാർ വെച്ചില്ലെങ്കിൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യൂ.ഡി മാന്വൽ - സെക്ഷൻ 2009.6 പ്രകാരമുള്ള പിഴ (പി.എ.സി തുകയുടെ 1%, കുറഞ്ഞത് 1,000 രൂപ, പരമാവധി 25,000 രൂപ ) ഈടാക്കേണ്ടതുണ്ട്. പിഴയോട് കൂടിയ 10 ദിവസത്തിനു ശേഷവും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കണമെന്നും മാന്വൽ അനുശാസിക്കുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 താലൂക്ക് ആശുപത്രിയിൽ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സിസ്റ്റം - രേഖകൾ പൂർണ്ണമായും ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S00187/20 |
| പ്രോജക്ടിന്റെ പേര് | താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സിസ്റ്റം |

| | |
|---|---|
| അടങ്കൽ | 7,00,000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 6,99,982/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ബിൽ നം. | 05/2019-21 /17/07/19 തുക - 6,99,982/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ആശുപത്രി താമരശ്ശേരി |

ബ്ലോക്ക് പഞ്ചായത്തിലെ താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സിസ്റ്റം സ്ഥാപിക്കുന്നതിനായി മേൽ ബില്ല് പ്രകാരം MEDI Sun Medicals എന്ന സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പർ 36526207479 ലേക്ക് 6,78,982/- രൂപയും, KBOCWW BOARD എന്ന സ്ഥാപനത്തിന്റെ 79901140000072 നമ്പർ അക്കൗണ്ടിലേക്ക് 7,000/- രൂപയും, ഇൻകം ടാകസ് ഇനത്തിൽ 14,000/- രൂപയും ഉൾപ്പെടെ ആകെ 6,99,982/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മേൽ ബില്ല് സാധൂകരിക്കുന്നതിനാവശ്യമായ ടെണ്ടർ ഫയൽ, അനുബന്ധ വൗച്ചറുകൾ, കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിന് കാരണം വ്യക്തമാക്കുന്നതിനും, രേഖകൾ ഹാജരാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/*2019-20* /10.03.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

താലൂക്ക് ആശുപത്രിയിൽ സെൻട്രലൈസ്ഡ് മെഡിക്കൽ ഗ്യാസ് സിസ്റ്റം പദ്ധതിയുടെ രേഖകൾ പൂർണ്ണമായും ഹാജരാക്കാത്തിനാൽ മേൽ ബില്ല പ്രകാരമുള്ള 6,99,982/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടെണ്ടർ ഫയൽ, അനുബന്ധ വൗച്ചറുകൾ, കൈപ്പറ്റ് രസീത് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാലാവധി കഴിഞ്ഞ് പൂർത്തീകരിച്ച പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല

കൊടുവള്ളി ബ്ളോക്കിൽ 2019-20 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ

ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി. | ടി. എസ്. പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാലയളവ്, ഈടാക്കേണ്ട പിഴ,പി.എ.സി തുകയുടെ ശതമാനത്തിൽ | | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 186/19-20 (S.o) കവുങ്ങുള്ളകുന്ന് പട്ടികജാതി സമഗ്ര വികസനം | 962165 വി. ഫണ്ട് എസ്സ്.സി.പി ബിൽ നം. 27/.9.19 | അഹമ്മദ്കുട്ടി. കെ. പി AE/LSGD /73/18-19 Dtd. 6.3.19 | 4 മാസം 6.3.19 | 25.9.19 M B00k. 168/18-19 | 10,00,000 | പി.എ. സി തുക 10,00,000 രൂപയുടെ 3% | 30,000 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ. ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്ക ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എ. ഇ മുഖേന അപേക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 30,000/- രൂപ പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 പൊതുമരാമത്ത് കരാർ ഒപ്പിടുന്നതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നമ്പർ | 176/19-20 |
| പ്രോജക്ട് | ആര്യൻകുളം കോളിക്കൽ -<br>കോളിക്കൽ കുന്ന് മണ്ണ് ജലസംരക്ഷണം (So) |
| ഫണ്ട് | വി. ഫണ്ട് |
| ബിൽ നമ്പർ, തിയ്യതി ,തുക | 14 / 17.7.2019 / 9,61,853 രൂപ |
| സെലക്ഷൻ നോട്ടീസ് തിയ്യതി | 25.1.2019 |
| കരാറുകാരൻ | കെ. പി. അഹമ്മദ് കുട്ടി |
| കരാർ നമ്പർ ,തിയ്യതി | എ.ഇ/74/18-19 തിയ്യതി 6.3.2019 |

| | |
|---|---|
| പി.എ.സി തുക | 9,61,853 രൂപ |
| ഈടാക്കേണ്ട പിഴ | 9,618 രൂപ |

(കരാറുകാരൻ ഒപ്പിട്ട് കൈപ്പറ്റിയതായി സെലക്ഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കൈപ്പറ്റ് തിയ്യതി രേഖപ്പെടുത്തിയിട്ടില്ല). 2012 – ലെ പുതുക്കിയ കേരള സ്റ്റേറ്റ് പി.ഡബ്ള്യൂ.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് പോസ്റ്റൽ ആയി അയക്കുമ്പോൾ, രജിസ്റ്റർ ചെയ്ത തിയ്യതി പോലും കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. ഇവിടെ സെലക്ഷൻ നോട്ടീസ് തിയ്യതിക്ക് ഒരാഴ്ചക്ക ശേഷം പോസ്റ്റൽ ആയി അയച്ചാൽ പോലും കരാർ ഒപ്പിടുന്നതിൽ കാലതാമസം വന്നതായി കാണാം. നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമക്കേണ്ടതുണ്ട്. കരാർ വെച്ചില്ലെങ്കിൽ 2012 ലെ പുതുക്കിയ കേരള പി.ഡബ്ള്യൂ.ഡി മാന്വൽ – സെക്ഷൻ 2009.6 പ്രകാരമുള്ള പിഴ (പി.എ.സി തുകയുടെ 1%, കുറഞ്ഞത് 1,000 രൂപ, പരമാവധി 25,000 രൂപ ) ഈടാക്കേണ്ടതുണ്ട്. പിഴയോട് കൂടിയ 10 ദിവസത്തിനു ശേഷവും കരാർ വെച്ചില്ലെങ്കിൽ കരാർ റദ്ദാക്കണമെന്നും മാന്വൽ അനുശാസിക്കുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 05/03/2022 | - |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പുതുപ്പാടി ഗ്രാമ പഞ്ചായത്ത് | 2019-20 | 10,00,000 | പകൽ വീട് | 0 | 10,00,000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,16,000 | വജ്ര ജൂബിലി ഫെലോഷിപ്പ് | 0 | 2,16,000 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | മടത്തും പൊയിൽ വെള്ളോളിത്താഴം | 95/4-11-19 | 5,00,000 | 479739 | 20621രൂപ വികസന |

| | | | | | |
|---|---|---|---|---|---|
| | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | | | | ഫണ്ടിൽ തിരിച്ചടച്ചു |
| കേരള ജല അതോറിറ്റി | പാറക്കണ്ട് ആവിലോറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 96/4-11-19 | 50,00,00 | 447939 | 5206 രൂപ വികസന ഫണ്ടിൽ തിരിച്ചടച്ചു |
| കേരള ജല അതോറിറ്റി | കാഞ്ഞിരത്താംപൊയിൽ കുടിവെള്ള പദ്ധതി | 96/4-11-19 | 5,00,000 | 398372 | 101628 രൂപ വികസന ഫണ്ടിൽ തിരിച്ചടച്ചു |
| കേരള ജല അതോറിറ്റി | ഐ എച്ച് ഡി പി കോളനി കുടിവെള്ള പദ്ധതി | 143/19-12-19 | 5,00,000 | 350970 | 149030 രൂപ വികസന ഫണ്ടിൽ തിരിച്ചടച്ചു |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ. (ആർ. ടി) നം. 1102/10/ എൽ.എസ്.ജി.ഡി/ 21.03.2010 | 39,42,250 | 1,85,833 | 1,85,833 | - | - |
| ഐ.എ.വൈ ഭവന | സ.ഉ(എം.എസ്)90/ 13/ത.സ്വ.ഭ.വ/ | 82,94,872 | മുതൽ അടയ്ക്കേണ്ടത് | - | 3,73,928 ബ്ലോക്ക് | 1,46,80,102 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | 14.03.2013 | (മുതൽ) | സർക്കാരിന്റെ ബാധ്യതയാണ്. വർഷാരംഭത്തിൽ അടയ്ക്കേണ്ട മുതലും പലിശയും 1,46,80,102 | | പഞ്ചായത്ത് വിഹിതം – പലിശ | |

ഇ. എം. എസ് ഭവന പദ്ധതിക്കായി എടുത്ത വായ്പയുടെ മുതലിലേക്കായി 1,85,833 രൂപ ഓഡിറ്റ് വർഷം അടവാക്കിയിട്ടുണ്ട്. ഈ വായ്പയുടെ പലിശയിനത്തിൽ സർക്കാർ അടക്കേണ്ടതായ തുക ബാക്കി നിൽക്കുന്നു. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 1999 | 3(44) | പ്രൊജക്ടിന്റെ പേരിൽ അനധികൃത ചെലവുകൾ നടത്തി | പഠനയാത്രയുടെ വിശദാംശങ്ങളും നിർവഹണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും ലഭ്യമാക്കണം |
| | | 1999 -00 | 4/58(എ) | നടുക്കുന്ന് ശുദ്ധജലവിതരണം | ശ്രീ.കെ.കെ. അച്യുതനിൽ നിന്നും ആർ.ആർ നടപടികളിലൂടെ തുക ഈടാക്കണം |
| | | 1999 -00 | 4/58(ഡി) | ഇന്റസ്ട്രിയൽ ലൈസൻസ് & മോണിറ്ററിംഗ് സെന്റർ | ടി |
| 2000-01 | | 2003-04 | 4.13 | ഇടിവെട്ട് മല മണ്ണ് സംരക്ഷണ പദ്ധതി, മക്രം റോഡ് ആർ സി ബി നിർമ്മാണം | |

| | | | | | |
|---|---|---|---|---|---|
| 2003-04 | 3-21 | 2005-06 | 2.67(2) | എസ്.ജി.ആർ.വൈ റോഡ്- അധിക ഭക്ഷ്യധാന്യം | സമിതിയുടെ ശുപാർശ പ്രകാരം KSA KKD/S1 /1065(1) /19 തീയതി 16.09.2019 പ്രകാരം സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപനത്തിന് കത്ത് നൽകി |
| 2003-04 | 3-30 | 2005-06 | 2.67(5) | ചുമതലയിൽപ്പെടാത്ത പദ്ധതിക്ക് ആനുകൂല്യം | സമിതിയുടെ ശുപാർശ പ്രകാരം KSA KKD/S1 /1065(1) /19 തീയതി 16.09.2019 പ്രകാരം സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപന ത്തിന് കത്ത് നൽകി |
| 2003-04 | 3-07 | 2005-06 | 70(3)(4) | പരിശീലനം പൂർത്തിയാക്കിയതിന് രേഖയില്ല. മോണിറ്ററിങ്ങ് റിപ്പോർട്ടില്ല. | സമിതിയുടെ ശുപാർശ പ്രകാരം KSA KKD/S1 /1065(1) /19 തീയതി 16.09.2019 പ്രകാരം സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപനത്തിന് കത്ത് നൽകി |
| 2003-04 | 3-08 | 2005-06 | 70(3)(4) | പരിശീലനം -അപാകത | സമിതിയുടെ ശുപാർശ പ്രകാരം KSA KKD/S1 /1065(1) /19 തീയതി 16.09.2019 പ്രകാരം സർക്കാർ ഉത്തരവ് ഹാജരാക്കുവാൻ സ്ഥാപനത്തിന് |

| | | | | | |
|---|---|---|---|---|---|
| | | | | | കത്ത് നൽകി |
| 2004-05 | 3-1 | 2006-07 | 3.79.14.2 | വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കൽ | നൽകിയ തുക തിരികെ ഈടാക്കണം |
| 2004-05 | 3-6 | 2006-07 | 3.81.1 | ശുദ്ധജലവിതരണം – പൂർത്തിയാക്കിയില്ല | തുടർ നടപടി അറിയിക്കാൻ ശുപാർശ |
| 2015-16 | 3-14 | 2016-17 | 4.6.8.i 68 | ഹാഡാ പദ്ധതി | |
| 2015-16 | 3-1 | 2016-17 | 5.1.5. 86 | റോഡ് പ്രവൃത്തി അധികം ചെലവ് ചെയ്തു | |
| 2015-16 | 3-30 | 2016-17 | 7 (ബി) 97 | സൗരോർജ്ജ പദ്ധതി അനർട്ടിൽ തുക നിക്ഷേപിച്ചു | |
| 2017-18 | 3-1 | 2018-19 | | കെട്ടിടം പൂർണമാകാതെ MRF യൂണിറ്റിന് യന്ത്രം വാങ്ങി | |

## 4-9 ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക -

LF. 28388/spl. Cell /SC4/99/31.07.02 നമ്പർ സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം ശ്രീ. കെ. കെ. തോമസിന്റെ പേരിൽ 1995-96 മുതൽ 1997-98 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 27 A, B എന്നിവ പ്രകാരം 6,684/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,89,17,821 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,71,37,377 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 39,618 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,99,982 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | |
|---|---|---|
| 3-1 | 30,000 | അശ്വിൻ ശുഭൻ – അസിസ്റ്റന്റ് എഞ്ചിനീയർ - |
| 3-2 | 9618 | അശ്വിൻ ശുഭൻ - അസിസ്റ്റന്റ് എഞ്ചിനീയർ |
| | 39,618 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 6,99,982 | ഡോ. കേശവനുണ്ണി<br>മെഡിക്കൽ ഓഫീസർ<br>താമരശ്ശേരി താലൂക്ക് ആശുപത്രി |
| ആകെ | | 6,99,982 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അശ്വിൻ ശുഭൻ | | |
| ഡോ. കേശവനുണ്ണി | മെഡിക്കൽ ഓഫീസർ<br>താമരശ്ശേരി താലൂക്ക് ആശുപത്രി | പ്രണവം<br>ഓർക്കിഡ് ഹിൽസ്<br>താമരശ്ശേരി പി. ഒ |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന | പരാമർശങ്ങൾ |
|---|---|---|---|

| | | | |
|---|---|---|---|
| | | ഖണ്ഡികകളുടെ എണ്ണം | |
| 1995-96, 1997-98, | എൽ. എഫ്. കെ. കെ. ഡി. പി.7-2262/16/ 19.05.17 | 3 | 27, 34, 41<br>Car -41 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി.7-2263/16 /19.05.17 | 3 | 27, 29, 30 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.പി.7-2264/16 /19.05.17 | 5 | 33, 42(3), 43, 44, 45 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(2) /14.12.12 | 13 | 20,21,22,23,24, 25,26,27,29,32, 35,36,37 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.പി.7-1440/12(3) /14.12.12 | 13 | 4,5,6,7,9,10,12,17,18,19, 24,25,26 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി.3-1910/1129.12.11 | 7 | 5,7(7),8,10,11,12,13(a,b) |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.7-1915/11(1) /19.06.13 | 26 | 3-1,3-2,3-5,3-6,3-7, 3-8,3-11,3-12,3-13,3-14, 3-16,3-17,3-18,3-19, 3-20,3-21,3-22,3-23, 3-25,3-26,3-27 3-28,3-30,3-32, 3-33,3-35,car -3-6, 3-7,3-8,3-11,3-18,3-25 3-21,3-30,3-35 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.7- 1911/11(1)/10.06.13 | 11 | 3-1,3-4,3-5,3-6,3-8, 3-9,3-10,3-13,3-14, 3-19,3-20car3-1, 3-4,3-6,3-13,3-14 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.7- 1657/09(5)/14.06.13 | 11 | 3-1,3-3,3-5,3-7,3-8, 3-9,3-103-11,3-13, 3-14,3-15 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.7- 1440/12(4)/14.12.12 | 14 | 3-1,3-5,3-6,3-7,3-8, 3-9,3-13,3-14,3-15, 3-19,3-203-23,3-24, 3-25 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി.7- 1814/09/16.02.12 | 8 | 1,2,3-1,3-2,3-3,3-4, 3-6,3-7,4-7 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.7- 489/13/01.06.13 | 10 | 2-1,3-1,3-2,3-3,3-4, 3-5,3-6,3-7,3-9,3-10 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി.7- 488/13/29.05.13 | 13 | 2-1,2-2,3-2,3-3,3-5, 3-7,3-8,3-9,3-10,3-11, |

| | | | |
|---|---|---|---|
| | | | 3-12,3-13,3-14 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി.പി.7-1192/14/11.03.2015 | 9 | 2-1,3-1,3-3(1,2),3-5, 3-7,3-9,3-10,3-11 |
| 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.7-768/15/20.07.15 | 14 | 2-1(1,2,4,),2-2,3-1, 3-2,3-3,3-6,3-7, 3-8,3-10,3-11(1,2),4-1 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി.7-723/17/ 05.05.2017 | 20 | 2-1, 2-2, 3-2, 3-3, 3-4, 3-5, 3-6, 3-7,3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15,3-16. 3-17,3-18,3-20 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി.7-441/17/11.07.2017 | 25 | 2-1, 2-3, 2-4,, 3-5,3-7,3-8,3-9,3-12, 3-13,3-14,3-15,3-16, 3-17,3-18,3-19, 3-20, 3-21,3-23,3-24, 3-25,3-26,3-27,3-30, 3-31,3-33 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി.7-2069/18/ 18-12-19 | 11 | 2-1, 2-2, 2-4, 3-3, 3-5, 3-7, 3-10, 3-11, 3-12, 3-13, 4-4 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി.7-185/2019/ 04.11.2019 | 14 | 1-11,3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-10, 3-11, 3-12, 3-14, 3-15, 3-16 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി.11-968/20/ 02.11.2020 | 19 | 1-7, 1-8, 1-9, 1-10, 1-11, 1-12, 1-13 , 1-14, 1-15, 1-18, 1-20,1-21, 1-22, 1-23, 1-24, 1-25, 3-1, 3-2, 4-12 |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്